# ഉയിർപ്പുക്കാലം

## രണ്ടാം ഞായർ

## വചന വിചിന്തനം

യോഹ 20,19-29

**തകർക്കപ്പെട്ട കൈകാലുകളും**
**തുളയ്ക്കപ്പെട്ട പാർശ്വവും**
**പേറികൊണ്ട് തന്നെയാണ് ക്രിസ്തു നടക്കുന്നത്!**
**മുറിവേറ്റവന്റെ മുഖത്ത് ഒന്ന് സൂക്ഷിച്ച് നോക്കിയാൽ**
**അവർക്കെല്ലാം ക്രിസ്തുവിന്റെ മുഖമാണ്...**

മുറിവേറ്റ സൗഖ്യദായകനാണ് ക്രിസ്തു. കാരണം, അവന്റെ മുറിവ് പോലും സൗഖ്യം സമ്മാനിക്കുന്നവയാണ്!

നിന്ന നിൽപ്പിൽ കല്ലിൻമേൽ കല്ല് ശേഷിക്കാതെ തകർന്ന് തരിപ്പണമാകുമ്പോൾ, സകലത്തിന്റെയും ഉടയോനെ ചേർത്തുപിടിച്ചുകൊണ്ടുള്ള നിലവിളി, "എന്റെ കർത്താവേ, എന്റെ ദൈവമേ!" ഉയർത്തെഴുന്നേറ്റ നാഥനെ അനുഭവിച്ചറിയാൻ അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ തോമയുടെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ തോമയുടെ കൈ വയ്ക്കുകയും ചെയ്ത ദിനമാണ് പുതുഞായർ. ഞാനും മറ്റ് പത്ത് ശിഷ്യരെപ്പോലെതന്നെ അവനു പ്രിയപ്പെട്ട ശിഷ്യനാണ് എന്നുള്ള ബോദ്ധ്യത്തോടെ ഉയർത്തെഴുന്നേറ്റ മിശിഹായെ കാണണമെന്നും അവന്റെ മുറിവുകളിൽ കൈ വയ്ക്കണമെന്നുമുള്ള ശാഠ്യവും തോമാശ്ലീഹായിൽ നിറഞ്ഞ് നിൽക്കുന്നു. തോമായുടെ ശാഠ്യത്തിന് മുമ്പിൽ കർത്താവ് വീണ്ടും തോറ്റുകൊടുക്കുമ്പോൾ അത് തോമായെ ജയിപ്പിക്കുന്നതിന് വേണ്ടിയാണ്. കാരണം, ''മിശിഹാവിജ്ഞാന''ത്തിന്റെ പരമകോടിയിലേയ്ക്ക് ഇന്ന് സഭാതനയർ നടന്നടുക്കുന്നുണ്ടെങ്കിൽ അതിനു കാരണം തോമായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ!" (യോഹ 20,28) എന്നുള്ള വിശ്വാസപ്രഖ്യാപനമാണ്. ഇത് ഉത്തരം മുട്ടിപ്പോയവന്റെ നിലവിളി എന്നതുപോലെ തന്നെ, "നീ മാത്രമാണ് എന്റെ അഭയ ശില" എന്നുള്ള ഏറ്റു പറച്ചിൽ കൂടെയാണ്.

ക്രിസ്തു ശിഷ്യൻമാരുടെ വിശ്വാസത്തിന്റെ പൂർണതയാണ് തോമാശ്ലീഹായുടെ വിശ്വാസ പ്രഘോഷണം, "എന്റെ കർത്താവേ, എന്റെ ദൈവമേ!" ക്രിസ്തുവിനെ "ലോകരക്ഷകനായി" ശിഷ്യർ ഏറ്റുപറയുന്നുണ്ട്. "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണുയഥാർഥത്തിൽ ***ലോക രക്ഷകൻ*** എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹ 4,42). ക്രിസ്തുവിനെ ദൈവപുത്രനായി ജനം മനസിലാക്കുന്നുണ്ട്. "റബ്ബീ, അങ്ങു ***ദൈവപുത്രനാണ്***" (യോഹ 1,49). ക്രിസ്തുവിനെ ദൈവത്തിന്റെ പരിശുദ്ധനായി ജനം തിരിച്ചറിയുന്നുണ്ട്. "നീയാണു ***ദൈവത്തിന്റെ പരിശുദ്ധൻ*** എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ 6,69). ക്രിസ്തുവിനെ കർത്താവായി ജനം സ്തുതിക്കുന്നുണ്ട്. "***കർത്താവേ,*** ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ യേശുവിനെ പ്രണമിച്ചു" (യോഹ 9,38). ക്രിസ്തുവിനെ മിശിഹയായും ജനം ഘോഷിക്കുന്നുണ്ട്. "കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ***ക്രിസ്തു*** ആണെന്നു ഞാൻ വിശ്വസിക്കുന്നു" (യോഹ 11,27). ഇങ്ങനെ പലതരത്തിലും പലവിധത്തിലും ക്രിസ്തുവിനെ മനസലാക്കിയിരുന്നെങ്കിലും ആ വിശ്വാസത്തിന്റെ പൂർണ്ണത എന്നു പറയുന്നത് തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനമാണ്, "എന്റെ കർത്താവേ, എന്റെ ദൈവമേ!"

ക്രിസ്തുവിന്റെ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ തോമയുടെ വിരൽ ഇടുകയും അവൻെറ പാർശ്വത്തിൽ തോമയുടെ കൈ വയ്ക്കുകയും ചെയ്തു കൊണ്ട് "എൻെറ കർത്താവേ, എൻെറ ദൈവമേ!" എന്നു പ്രഘോഷിച്ചവൻ പിന്നിടങ്ങോട്ട് ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുവാനുള്ള തത്രപാടിലാണ്. ഉത്ഥിതനായ ക്രിസ്തുവിന്റെ മുറിപ്പാടുകൾ അനുഭവിച്ചറിഞ്ഞ തോമ ക്രിസ്തുവിനെ പ്രഘോഷിക്കാനായി തന്റെ ശിഷ്ടജീവിതം മാറ്റിവയ്ക്കുന്നു. ഈ ശിഷ്ടജീവിതത്തെ പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ ഇപ്രകാരം കാച്ചികുറുക്കിയെടുക്കാം.

"ക്രിസ്തുവിനെപ്രതി ഞാൻ ദിവസം മുഴുവൻ വധിക്കപ്പെടുന്നു; കൊലയ്ക്കുള്ള ആടുകളെപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു. എന്നെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം ഞാൻ പൂർണവിജയം വരിക്കുന്നു. എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്" (റോമ 8,36-38).

സ്നേഹം അനുഭവിച്ചറിഞ്ഞവന് ആ സ്നേഹത്തിൽ നിന്ന് അകന്നിരിക്കാനാകില്ല! കാലഘട്ടത്തിന്റെ വലിയ പ്രത്യേകത, "ഇന്ന് ക്രിസ്തുവിന്റെ സ്നേഹം തിരിച്ചറിയാൻ സാധിക്കുന്നില്ല" എന്നുള്ളതാണ്. അതുകൊണ്ട് തന്നെ തോമാശ്ലീഹായുടെ പോലെയുള്ള സാക്ഷ്യങ്ങൾ വിരലിൽ മാത്രം എണ്ണാവുന്ന ഒന്നായി മാറ്റപ്പെടുന്നു.

ആശ്രയബോധത്തിന്റെ സുന്ദരമായ നിലവിളി, "എന്റെ കർത്താവേ, എന്റെ ദൈവമേ..."

സിറിയയിലെ ഐഎസ് ക്രൂരതകളെക്കുറിച്ച് ദിവസവും പുതിയ റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇസ്ലാം മതത്തിലേക്കു പരിവർത്തനം ചെയ്യാൻ വിസമ്മതിച്ച പന്ത്രണ്ടോളം ക്രൈസ്തവരെ ക്രൂരമായി കൊലപ്പെടുത്തിയ വാർത്ത കഴിഞ്ഞ വർഷം (2015) സിറിയയിൽ നിന്നു റിപ്പോർട്ട് ചെയ്തിരുന്നു. ഏറ്റവും ക്രൂരപീഡനം നേരിടേണ്ടണ്ടിവന്നത് 12 വയസുകാരനായ ബാലനാണ്. പിതാവിന്റെ മുന്നിൽ വച്ച് ബാലന്റെ കൈവിരലുകൾ അറുത്തുമാറ്റി. മതംമാറിയില്ലെങ്കിൽ ഇതിലും ക്രൂരപീഡനങ്ങൾ നേരിടേണ്ടി വരുമെന്ന് തീവ്രവാദികൾ അവരോടു പറഞ്ഞു. എന്നാൽ അവർ വിസമ്മതിച്ചതോടെ എല്ലാവരെയും തലയറത്തു കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് ബാലനെയും പിതാവിനെയുമടക്കം മൂന്നുപേരെ ക്രൂശിലേറ്റിയതായും സിറിയയിലെ 'ദ ഗോസ്പൽ ഹെറാൾഡ്' എന്ന പത്രം റിപ്പോർട്ട് ചെയ്തു.

ആയിരം വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതുപോലെയുള്ള ക്രൂരപീഡനങ്ങളാണു ക്രൈസ്തവർക്കെതിരേ ഐഎസ് അഴിച്ചുവിട്ടിരിക്കുന്നത്. ഇതേ മാസം തന്നെ ആലെ ഗ്രാമം ആക്രമിച്ച ഐഎസ് തീവ്രവാദികൾ ഗ്രാമവാസികളെ ബന്ദികളാക്കുകയും, ഇവരോട് ഇസ്ലാം മതത്തിലേക്കു പരിവർത്തനം നടത്താൻ ആവശ്യപ്പെട്ടു. എന്നാൽ ക്രിസ്തുമതം ഉപേക്ഷിക്കാൻ തയാറല്ലെന്ന് അവർ പറഞ്ഞതോടെ ജനക്കൂട്ടത്തിനു മുന്നിൽ വച്ച് ഇവരെ അവിശ്വാസികളെന്നു മുദ്രകുത്തി ക്രൂരപീഡനങ്ങൾക്കിരയാക്കിയ ശേഷം ശിരച്ഛേദം ചെയ്യുകയായിരുന്നു.

ഇതേ ദിവസംതന്നെ ഗ്രാമത്തിലെ രണ്ടു യുവതികളടക്കം മറ്റ് എട്ടു പേരെക്കൂടി തീവ്രവാദികൾ ശിരച്ഛേദം ചെയ്തു. മതപരിവർത്തനം ചെയ്യാൻ മടിച്ച 29 ഉം 33 ഉം വയസു പ്രായമുള്ള യുവതികളെ പൊതുജനമധ്യത്തിൽ മാനഭംഗത്തിനിരയാക്കിയ ശേഷമാണു കൊലപ്പെടുത്തിയത്. കൊല്ലപ്പെടുന്നതിനു തൊട്ടുമുമ്പ് എട്ടുപേരും ഉറക്കെ പ്രാർഥിച്ചിരുന്നതായി സിറിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ എയ്ഡ് മിഷൻ റിപ്പോർട്ട് ചെയ്യുന്നു.

സാക്ഷ്യങ്ങളുടെ കുറവുണ്ടെങ്കിൽ അതിനുള്ള കാരണം ഉത്ഥിതനായ ക്രിസ്തുവിനെ വ്യക്തിപരമായ അനുഭവിച്ചറിയാൻ സാധിക്കാതതാണ്. നല്ലൊരു ദൃഷ്ടാന്തം വി.യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിലുണ്ട്. ക്രിസ്തുവിന് ഭക്ഷണം

വാങ്ങാൻ ശിഷ്യൻമാർ യാത്രയാകുന്നു. ആ സമയം, ക്രിസ്തു കിണറ്റിൻ കരയിലെത്തുന്ന സമരിയക്കാരി സ്ത്രീയുമായി സംസാരിക്കുകയും അവളെ വിശ്വാസത്തിലേയ്ക്ക് അടുപ്പിക്കുകയും ചെയ്യുന്നു. അവൾ ചെന്ന് ഗ്രാമത്തിലുള്ളവരുടെ അടുത്ത് തനിക്ക് പകർന്നുകിട്ടിയ വിശ്വാസം പങ്കുവയ്ക്കുന്നു. ആ ഗ്രമവാസികൾ ഒന്നുചേർന്ന് വന്ന് ക്രിസ്തുവിൽ നിന്ന് വിശ്വാസം സ്വന്തമാക്കുകയും തങ്ങളോടൊത്ത് വസിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. തുടർന്ന് ജനക്കൂട്ടം സമരിയക്കാരി സ്ത്രീയോട് പറയുകയാണ്;

"അവർ ആ സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിൻെറ വാക്കുമൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണു യഥാർഥത്തിൽ ലോക രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹ 4,42).

നേരിട്ട് അനുഭവിക്കുകയും വ്യക്തിപരമായി മനസ്സിലാക്കുകയും ചെയ്യുക എന്നത് വിശ്വാസത്തിലേയ്ക്ക് നയിക്കുന്ന അടിസ്ഥാനപരമായ ഘടകങ്ങളാണ്. എങ്കിൽ, തോമാശ്ലീഹ "സംശയക്കാരനായ തോമയല്ല". മറിച്ച്, വിശ്വാസത്തിന്റെ പാരമ്യമായ ഉത്ഥിതനായ ക്രിസ്തുവിനെ നേരിട്ട് അനുഭവിക്കുകയും വ്യക്തിപരമായി മനസ്സിലാക്കുകയും ചെയ്ത വലിയ വിശുദ്ധനാണ്. ജനക്കൂട്ടം സമരിയക്കാരി സ്ത്രീയുടെ അടുത്ത് പറയുന്നത് പോലെ "ഞാൻ വിശ്വസിക്കുന്നതു നിങ്ങളുടെ വാക്കുകൾക്കപ്പുറം ഞാൻതന്നെ നേരിട്ടു ശ്രവിക്കുകയും, അനുഭവിക്കുകയും ഇവനാണു യഥാർഥത്തിൽ ലോക രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" എന്ന് പറയാൻ സാധിക്കുന്ന ഏക ശിഷ്യൻ തോമാശ്ലീഹ മാത്രമാണ്. ഈ വിശ്വാസം സ്വന്തമാക്കുന്നവൻ വിളിച്ചു പറയുന്നതാണ്, "എൻെറ കർത്താവേ, എൻെറ ദൈവമേ!" (യോഹ 20,28).

തോമാശ്ലീഹ മാത്രമാണ് ക്രിസ്തുവിന്റെ മുറിവിന്റെ ആഴം തിരിച്ചറിഞ്ഞ ഏകശിഷ്യൻ. അവന്റെ മുറിവിന്റെ ആഴം തിരിച്ചറിഞ്ഞവൻ ഒരിക്കലും പിന്നിടങ്ങോട്ട് പുറകിലേയ്ക്ക് സംഞ്ചരിച്ചിട്ടില്ല. ക്രിസ്തുവിന്റെ ചങ്കിലെ തുളയ്ക്കപ്പെട്ട മുറിവിന്റെ ആഴം തിരിച്ചറിഞ്ഞവൻ സ്വന്തം ചങ്ക് തന്നെ തുളയ്ക്കപ്പെടാൻ വിട്ടുകൊടുത്തു. "കേട്ടറിഞ്ഞ വിശ്വാസത്തിൽ നിന്ന് തൊട്ടറിഞ്ഞ വിശ്വാസത്തിലേയ്ക്കുള്ള" വലുപ്പം ഇതാണ്. കേട്ടറിഞ്ഞ വിശ്വാസം എന്നിൽ നിന്ന് ഒരു കല്ലേറുദൂരം മാറി നിൽക്കുമ്പോൾ തൊട്ടറിഞ്ഞ വിശ്വാസത്തിൽ അകലങ്ങളില്ല. മറിച്ച്, വിശ്വാസം ജീവിക്കപ്പെടുകയാണ്. മറ്റ് ശിഷ്യർ ക്രിസ്തുവിനെ കുറിച്ചുള്ള കാഴ്ച്ചക്കൊണ്ട് തൃപ്തിയടഞ്ഞപ്പോൾ, തോമയുടെ ദാഹം ക്രിസ്തുവിനെ അനുഭവിച്ചറിയാനായിരുന്നു. ഇതുതന്നെയാണ് തോമയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥനാക്കുന്നതും.

ക്രിസ്തു തോമയിലെ വിശ്വാസത്തിന്റെ കുറവുകൾ നികത്തുന്നത് സ്നേഹത്തിന്റെ മുറിവുകൾ കാട്ടിയാണ്... കുറവുകൾ നികത്താൻ മുറിവുകൾക്ക് സാധിക്കും!

***"ശിഷ്യൻമാർ അവനോടു പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു"***

***(യോഹ 20,25).***

**എത്രപേർക്ക് പറയാൻ സാധിക്കും?**

.................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931